ഹോമിയോപ്പതി വകുപ്പിൽ ഗുഡ്സർവ്വീസ് എൻട്രി നൽകുന്നതിനുള്ള മാനദണ്ഡം

201 (3391) ശ്രീ. ബാബു ദിവാകരൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹോമിയോപ്പതി വകുപ്പിൽ ഗുഡ് സർവ്വീസ് എൻട്രി നൽകുന്നതിനുള്ള മാനദണ്ഡം വിശദീകരിക്കാമോ ;

(ബി) പ്രസ്തുത വകുപ്പിൽ ജി.എസ്.ഇ. ലഭിച്ച എത്ര ഡോക്ടർമാർ നിലവിലുണ്ടെന്ന വിവരം വെളിപ്പെടുത്തുമോ ;

(സി) ജി.എസ്.ഇ നൽകിയത് അർഹതപ്പെട്ടവർക്കാണോ എന്ന് പരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) നിശ്ചിത മാനദണ്ഡങ്ങൾ പുലർത്താതെ വകുപ്പുമേധാവികൾ ജി.എസ്.ഇ. നൽകിയിട്ടുണ്ടോ ; എങ്കിൽ ഈ നടപടി പുനഃപരിശോധിക്കുമോ ;

(ഇ) പുനഃപരിശോധനയിൽ ഏതെങ്കിലും ഡോക്ടർമാർക്ക് നൽകിയ ജി.എസ്.ഇ ആനുകൂല്യങ്ങൾ അനധികൃതമാണെന്നു കണ്ടാൽ അവ തിരികെ പിടിച്ച് സർക്കാരിനുണ്ടായ നഷ്ടം നികത്താൻ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) പഞ്ചായത്ത് കമ്മിറ്റിയുടെ പ്രമേയത്തിന്റെയും ശുപാർശയുടെയും അടിസ്ഥാനത്തിലും ഡയറക്ടറുടെ പരിശോധനയിൽ മെഡിക്കലാഫീസറുടെ സേവനം കാര്യക്ഷമമാണെന്ന് നേരിട്ട് ബോദ്ധ്യപ്പെടുന്നതിന്റെയും അടിസ്ഥാനത്തിലാണ് മെഡിക്കലാഫീസർമാർക്ക് ഗുഡ് സർവീസ് എൻട്രി നൽകുന്നത്.

(ബി) 10 പേർ നിലവിലുണ്ട്.

(സി & ഡി) ഗുഡ് സർവ്വീസ് എൻട്രി നൽകുന്നതിന് മെഡിക്കലാഫീസർമാർ അർഹരാണെന്ന് ഡയറക്ടർക്ക് നേരിട്ട് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഗുഡ് സർവ്വീസ് എൻട്രി നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച് പരാതികളൊന്നും സർക്കാരിന് നേരിട്ട് ലഭിച്ചിട്ടില്ല.

(ഇ) ഹോമിയോപ്പതി വകുപ്പിൽ ഗുഡ്സർവ്വീസ് എൻട്രി നല്കിയ ഡോക്ടർമാർക്ക് യാതൊരുവിധ സാമ്പത്തികാനുകൂല്യങ്ങളും നൽകിയിട്ടില്ല.

സ്പോർട്സ് കൗൺസിലിൽ നിയമനങ്ങളുടെ പ്രായപരിധി

202 (3392) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്പോർട്സ് കൗൺസിൽ നിയമനങ്ങൾക്ക് പ്രായപരിധി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ മിനിമം പ്രായവും പരമാവധി പ്രായവും എത്രയാണ് നിശ്ചയിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പരമാവധി പ്രായപരിധി നിശ്ചയിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) സംസ്ഥാന സർക്കാരിന് കീഴിലെയും, സർക്കാർ ധനസഹായത്തിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനങ്ങളിലെയും നിയമനങ്ങളിൽ പരമാവധി പ്രായം നിശ്ചയിച്ചിട്ടുണ്ടെങ്കിലും സ്പോർട്സ് കൗൺസിൽ ഇതിനു വിരുദ്ധമായി പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) നിയമനത്തിന് ഉയർന്ന പ്രായപരിധി ബാധകമല്ലെങ്കിൽ 21 വയസ്സ് തികഞ്ഞിരിക്കണമെന്ന് നിബന്ധന വച്ചിട്ടുള്ളതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഇ) 21 വയസിനുള്ളിൽ നിയമാനുസൃതം എൽ.ഐ.എസ് പാസ്സാകാൻ കഴിയില്ലെന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയും പത്രം വഴിയും കോച്ച് തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചതനുസരിച്ച് അപേക്ഷകളിൽ ഏറ്റവും പ്രായം കൂടിയ ആൾ ആരായിരുന്നു ; പ്രായം എത്രയായിരുന്നു ;

(ജി) ഈ ആളെ സെലക്ട് ചെയ്തിട്ടുണ്ടോ ; ഈ ആൾക്ക് എൻ.ഐ.എസ്. ഡിപ്ലോമ ഉണ്ടോ ;

(എച്ച്) സിമ്മിംഗ് വിഭാഗത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഏറ്റവും പ്രായം കൂടിയ ആൾ ആരായിരുന്നു ; പ്രായം എത്രയാണ് ;

(ഐ) ഈ ആളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ശുപാർശ ചെയ്തതാണോ ;

(ജെ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ശുപാർശ ചെയ്തവരിൽ ഏറ്റവും പ്രായം കൂടിയ ആളുടെ വയസ്സ് എത്രയായിരുന്നു എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) പ്രായപരിധി നിശ്ചയിച്ചിട്ടുണ്ട്. മിനിമം പ്രായം വിജ്ഞാപന തീയതിയിൽ 21 വയസ്സ് തികഞ്ഞിരിക്കണം. പരമാവധി പ്രായം നിശ്ചയിച്ചിട്ടില്ല.

(ബി) മികച്ച പരിശീലകരുടെ സേവനം ലഭ്യമാക്കുക എന്ന ലക്ഷ്യം കണക്കിലെടുത്താണ് നിയമനത്തിന് പരമാവധി പ്രായപരിധി നിശ്ചയിക്കാത്തത്.

(സി) ഉണ്ട്.

(ഡി) പരിശീലകർ ആയി സേവനം അനുഷ്ഠിക്കാനുള്ള പക്വത കണക്കിലെടുത്താണ് കുറഞ്ഞ പ്രായപരിധി 21 വയസ്സ് തികഞ്ഞിരിക്കണമെന്ന് നിബന്ധനവച്ചിട്ടുള്ളത്.

(ഇ) ഉണ്ട്.

(എഫ്) ശ്രീ. എൻ. കേശവൻ നായർ, പ്രായം 61 വയസ്സ്.

(ജി) സെലക്ട് ചെയ്തിട്ടില്ല. എൻ.ഐ.എസ്.ഡിപ്ലോമ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ശ്രീ. പി. വേണുഗോപാലപിള്ള, പ്രായം 42 വയസ്സ്

(ഐ) അല്ല.

(ജെ) 37 വയസ്സ് (ശ്രീമതി വി.റ്റി. പ്രസന്ന — സ്വിമ്മിംഗ് വിഭാഗം)

സർക്കാർ സർവ്വീസിൽ ക്രിക്കറ്റു താരങ്ങൾക്ക് നിയമനം നൽകുന്നതിന് നടപടി

203 (3393) ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്പോർട്സിൽ/ഗെയിംസിൽ നേട്ടം കൈവരിച്ചിട്ടുള്ള കായിക താരങ്ങളിൽ നിന്നും സർക്കാർ സർവീസിൽ നിയമനത്തിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിയമനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(സി) സ്പോർട്സ് ഇനത്തിൽ നിയമനം നൽകുന്നതിന് ഏതെല്ലാം ഇനങ്ങളിൽ നേട്ടം കൈവരിച്ചവരെയാണ് പരിഗണിക്കുന്നതെന്ന് അറിയിക്കാമോ ;

(ഡി) പ്രസ്തുത ഒഴിവുകളിലേയ്ക്ക് ക്രിക്കറ്റ് താരങ്ങളെ പരിഗണിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ ;

(ഇ) സർക്കാർ സർവ്വീസിൽ സ്പോർട്സിലും ഗെയിംസിലും നേട്ടം കൈവരിച്ചവരെ പരിഗണിക്കുമ്പോൾ ക്രിക്കറ്റ് താരങ്ങൾക്കും പ്രാതിനിധ്യം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിയമനം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(സി) 25-11-1996-ൽ സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം താഴെപ്പറയുന്ന ഇനങ്ങളിൽ നേട്ടം കൈവരിച്ചവരെ നിയമനത്തിനായി പരിഗണിക്കുന്നതാണ്.

1. അത്ലറ്റിക്സ്
2. ഹാന്റ് ബോൾ
3. ഫുട് ബോൾ
4. സൈക്ലിംഗ്
5. ഗോൾ ബാഡ്മിന്റൺ
6. പവർ ലിഫ്റ്റിംഗ്
7. ബോക്സിംഗ്

LIBRARY ARCHIVES Kerala Legislative Assembly